<u>ശ്രദ്ധ ക്ഷണിക്കൽ</u>

<u>മലയാളഭാഷാ നിയമനിർമ്മാണം</u>

<u>ശ്രീ. പാലോട് രവി:</u> സർ, സമൂഹത്തിന്റെ എല്ലാതലങ്ങളിലും വ്യക്തവും ശക്തവുമായ രീതിയിൽ മലയാളഭാഷാ പ്രയോഗം ഉറപ്പുവരുത്തി നടപ്പിലാക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. അതിന് സാധ്യമായ രീതിയിൽ ഒരു നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത ഈ അവസരത്തിൽ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്ന് നടപടി സ്വീകരിക്കുകയാണ് എന്റെ ഉദ്യമം കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. അതിന് അവലംബിക്കേണ്ട മാർഗ്ഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശുപാർശകൾ അടങ്ങുന്ന റിപ്പോർട്ട്, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭയുടെ മുൻപാകെ അവതരിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. നമ്മുടെ അയൽസംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, ആന്ധ്ര, ബംഗാൾ അവരുടെ മേഖലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ കൂടി നാം പരിശോധിക്കേണ്ടിയിരിക്കുന്നു. സമസ്ത മേഖലകളിലും ഒത്തൊരുമിച്ചു നിൽക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ വളരെ മാതൃകാപരവും അഭിനന്ദനാർഹവുമായ ഒരു പ്രവർത്തനം കാഴ്ചവെയ്ക്കാനാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. മേൽ സാഹചര്യത്തിൽ മാതൃഭാഷയായ മലയാളത്തിന്റെ ആത്യന്തികവും സമ്പൂർണ്ണവുമായ വളർച്ച ഉറപ്പാക്കുന്നതിനും ഔദ്യോഗികതലത്തിലും വിദ്യാഭ്യാസതലത്തിലും കോടതി നടപടികളിലും സമ്പൂർണ്ണവും വ്യവസ്ഥാപിതവുമായ രീതിയിൽ മലയാളഭാഷ പ്രയോഗം നടപ്പാക്കി ഭരണതലത്തിലുള്ള സുതാര്യതയ്ക്കും അഴിമതിരഹിതമായ ഭരണസംവിധാനം സംജാതമാക്കുന്നതിനും മലയാളഭാഷാ നിയമനിർമ്മാണം അടിയന്തരമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്ന

തിനും ആദരണീയനായ മുഖ്യമന്ത്രി നിർദ്ദേശം നൽകണമെന്നും പ്രസ്തുത നടപടികളിൻമേൽ സഭയുടെ മൊത്തത്തിലുള്ള ആവശ്യകത പ്രകടമാക്കുന്ന സമ്പൂർണ്ണ പിന്തുണ ഉണ്ടാകണമെന്നും ആവശ്യമെന്ന് കണ്ടാൽ അതിനായി നിയസഭയുടെ ഒരു പ്രത്യേക സമ്മേളനം കൂടണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

മാതൃഭാഷയെ സംബന്ധിച്ച് മറ്റ് സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന ഔദ്യോഗികഭാഷാ നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുവേണ്ടി നിയമസഭയുടെ ഒരു പ്രത്യേക സമ്മേളനം കൂടുന്നുവെന്ന് പറയുന്നതുതന്നെ മലയാളികളെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ കാര്യമാണ്. അങ്ങും അത് ശ്രദ്ധിക്കണം. മലയാളം ശ്രേഷ്ഠഭാഷയാക്കിയ കേന്ദ്രത്തിന്റെ പ്രഖ്യാപനം കൊണ്ടുമാത്രം ശ്രേഷ്ഠമാകുന്നില്ല. ആ ഭാഷ ഉപയോഗിക്കുന്നവർ അത് ശ്രേഷ്ഠമെന്ന് കരുതുന്നുണ്ടോ? ജ്ഞാനപീഠ ജേതാവും മലയാളികളുടെ പ്രിയങ്കരനായ കഥാകാരനുമായ ശ്രീ. എം. ടി. വാസുദേവൻ നായർ ഈ അടുത്ത കാലത്ത് ചോദിച്ച ഒരു ചോദ്യമാണിത്. മലയാളഭാഷയുടെ വളർച്ചയിലും പ്രയോഗത്തിലും നാം വളരെയേറെ പുറകോട്ടുപോയി. ഈ ഗവൺമെന്റ് മലയാളം ഒന്നാം ഭാഷയാക്കിയതും ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കാനുണ്ടായ എല്ലാ തടസ്സങ്ങളും മാറ്റിയെടുത്തതും 2013-2014 ഉപധനാഭ്യർത്ഥനയിൽ ബഹുമാനപ്പെട്ട കെ. എം. മാണി ഒരു പ്രത്യേക ശീർഷകത്തിൽ ഔദ്യോഗിക ഭാഷാ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ അനുവദിച്ചതും കഴിഞ്ഞ വർഷം മുതൽ ഔദ്യോഗിക ഭാഷാവർഷമായി ആചരിക്കുന്നതും മലയാള സർവ്വകലാശാല സ്ഥാപിച്ചതുമെല്ലാം ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനെന്ന നിലയിൽ ഞാൻ വളരെ വളരെ നന്ദിയോടെ ഓർക്കുകയാണ്. മാതൃഭാഷയുടെ കാര്യത്തിൽ പരാജയപ്പെട്ട

ചില പ്രധാന മേഖലകൾ ഞാനിവിടെ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഒന്ന്, സാധാരണ ജനങ്ങളോട് ഇടപെടുന്ന ഭാഷ ഇപ്പോഴും ഇംഗ്ലീഷിലാണ്. രണ്ട്, സാധാരണക്കാരന് നീതി ഉറപ്പുവരുത്തുന്ന വ്യവഹാരവും നീതി തേടിച്ചെല്ലുന്നവർക്ക് അറിയാത്ത ഇംഗ്ലീഷിലാണ് താഴെക്കോടതി മുതൽ ഹൈക്കോടതി വരെ നടത്തുന്നത്. നമ്മുടെ നിയമ നിർമ്മാണസഭ ഉണ്ടാക്കുന്ന നിയമങ്ങളെല്ലാം മലയാളത്തിലാണ്. നിയമനിർമ്മാണ സഭയിൽ മലയാളത്തിലുണ്ടാക്കുന്ന നിയമങ്ങൾ ഏറ്റവും താഴെക്കോടതി മുതൽ ഹൈക്കോടതിയിൽവരെ ക്രയവിക്രയം ചെയ്യുന്നത് ഇംഗ്ലീഷിലാണ്. നിയമസഭയോടുള്ള ഒരു കൊഞ്ഞനം കുത്തലല്ലേ ഇത്? ഇംഗ്ലീഷുകാരനോ മറ്റൊരു ഭാഷക്കാരനോ അവിടെ വരുന്നില്ല. നമ്മൾ മലയാളത്തിലുണ്ടാക്കുന്ന നിയമങ്ങൾ കോടതിയിൽ വ്യാഖ്യാനിക്കുന്നത് ഇംഗ്ലീഷിലായതുകൊണ്ട് പാവപ്പെട്ടവർക്ക് ഒന്നും മനസ്സിലാകുന്നില്ല. ശിക്ഷ കിട്ടുന്നവനും, ശിക്ഷ വിധിക്കുന്നവനുമൊന്നും അറിയാത്ത ഒരവസ്ഥയാണ് എത്രയോ വർഷക്കാലമായി നിലനിൽക്കുന്നത്. ഉന്നത വിദ്യാഭ്യാസം പൂർണ്ണമായും ഇംഗ്ലീഷിലാണ്. ലോകത്തെ പരിഷ്കൃത രാജ്യങ്ങളിലെല്ലാം ഉന്നത വിദ്യാഭ്യാസ രംഗത്തുൾപ്പെടെയുള്ള ബോധന മാധ്യമം അവരുടെ മാതൃഭാഷയിലാണ്. എങ്കിലും, ലോകത്തുള്ള എല്ലാ ഭാഷകളും പഠിപ്പിക്കുന്നു. പക്ഷെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ബോധന മാധ്യമം അവരുടെ മാതൃഭാഷയാണ്. പ്രയോഗത്തിലൂടെ മാത്രമെ ഭാഷ വളരുകയുള്ളൂ. സൂക്ഷിച്ച് ചില്ല് അലമാരയിൽ വച്ചാൽ മാതൃഭാഷ വളരുകയില്ല. ശ്രേഷ്ഠ ഭാഷയല്ല, വിശ്വഭാഷാ പദവി കിട്ടിയാലും നമ്മുടെ ഭാഷ വളരുകയില്ല. കാരണം ഇത് ചില്ല് അലമാരയിൽ വച്ച് സൂക്ഷിക്കാനുള്ളതല്ല. ഒന്നാം ക്ലാസ്സുമുതൽ അഞ്ചാം ക്ലാസ്സുവരെ ഗവൺമെന്റ്, എയ്ഡഡ് മേഖലകളിലെ എല്ലാ സ്കൂളുകളിലും ഇക്കാല

മത്രയും മലയാളം ബോധന മാധ്യമമായിരുന്നു. ഇപ്പോൾ വന്നിരിക്കുന്ന ഉത്തരവുപ്രകാരം ഒന്നാം ക്ലാസ്സുമുതൽ ഇംഗ്ലീഷ് മീഡിയം ആകാം എന്നു വന്നിരിക്കുന്നു. ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഒന്നാം ക്ലാസ്സുമുതൽ ഇംഗ്ലീഷ് മീഡിയം ആകാമെന്നുവന്നതുകൊണ്ട് കുട്ടികൾ ഒന്നാം ക്ലാസ്സുമുതൽ തന്നെ ഇംഗ്ലീഷ് മീഡിയത്തിൽ ചേർന്ന് പഠിക്കുകയാണ്. അഞ്ചാംക്ലാസ്സുവരെയെങ്കിലും മലയാളം പഠിച്ചാൽ കുട്ടികൾക്ക് മലയാളത്തെക്കുറിച്ച് നല്ലൊരു അറിവുണ്ടാകും. നേരാംവണ്ണം ചൊല്ല് ഉറയ്ക്കുന്നതിനുമുമ്പുതന്നെ വിദേശഭാഷ കുഞ്ഞുങ്ങളിൽ അടിച്ചേൽപ്പിക്കുക മാത്രമല്ല, തൊട്ടിൽ മുതൽ കട്ടിൽവരെ ഒരു മനുഷ്യനോടൊപ്പമുള്ള മാതൃഭാഷയെ നിഷേധിക്കുകയും ചെയ്യുകയാണ്. മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കി അത് തങ്ങളുടെ രാജ്യത്തെ ബോധനമാധ്യമമായി സ്വീകരിച്ച് ലോകരാജ്യങ്ങളുടെ മുൻപന്തിയിലേയ്ക്ക് വന്നുകഴിഞ്ഞ ജപ്പാന്റെ മാതൃക ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. തമിഴിനെപ്പോലെ ആദിദ്രാവിഡ ഭാഷയുടെ പഴമ തന്നെയാണ് മലയാളത്തിനുമുള്ളത്. ഭാഷാ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ, ആഢ്യരുടെ സംസ്കൃതവും നാടൻ വായ്മൊഴിയും മലയാളവും സംയോജിച്ച് എങ്ങനെ പ്രയോഗിക്കാമെന്ന് കാണിച്ചുതന്നുകൊണ്ട് മലയാള ഭാഷയ്ക്ക് നൽകിയ സംഭാവനകളാണ് നമ്മുടെ മാതൃഭാഷയ്ക്ക് ഇത്രയേറെ ഔന്നത്യമുണ്ടാക്കിയത്. തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനെ ഭാഷാപിതാവായി ആദരിക്കുന്നതും അതുകൊണ്ടുതന്നെയാണ്. സംസ്കൃതത്തിന്റെ സമ്പന്നതയും തമിഴിന്റെ പൗരാണികതയും നാടൻ ഭാഷയുടെ ചിട്ടയും ഇത്രയും ശബ്ദ വൈവിദ്ധ്യവും ആവിഷ്കരിക്കാൻ മലയാളത്തിനല്ലാതെ മറ്റൊരു ഭാഷയ്ക്കുമാവില്ല. മലയാളം നിലനിൽക്കണമെങ്കിൽ പഴമ, സമകാലീനത, ഭാവി എന്ന മൂന്നുകാലത്തേയും സമരസപ്പെടുത്താൻ കഴിയ

ണം. പ്രാചീനതവേണം, ആധുനിക വ്യവഹാരം വേണം, ഭാവിയിലെ വിവര സാങ്കേതികമാറ്റങ്ങൾ നമുക്ക് ഉൾക്കൊള്ളാൻ കഴിയണം. അങ്ങനെ ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ട് ഭരണഘടനയുടെ 345–ാം അനുച്ഛേദം അനുശാസി ക്കുന്ന പ്രകാരം 1969–ൽ നിലവിൽ വന്ന കേരള ഔദ്യോഗിക ഭാഷാ ആക്ട് പ്രകാരം മലയാളമോ ഇംഗ്ലീഷോ കേരളത്തിൽ ഔദ്യോഗിക ഭാഷയായിരിക്കു മെന്ന് വ്യവസ്ഥചെയ്യുന്നു. ഇതാണ് ഇപ്പോൾ ഇവിടെ നിലവിലിരിക്കുന്ന നിയ മം. 1973–ലെ ഭേദഗതി പ്രകാരം കേരള ഔദ്യോഗിക ഭാഷകൾ ആക്ട് –1969 നിയമത്തിലെ 1(എ) വകുപ്പനുസരിച്ച് ഭരണഘടനയിലെ 346, 347 എന്നീ അനുച്ഛേദങ്ങൾ അനുശാസിക്കുന്നതുപ്രകാരം മലയാളവും ഇംഗ്ലീഷും കേരള ത്തിലെ ഔദ്യോഗിക ഭാഷകളായി. കേരളത്തിൽ രണ്ടും ഔദ്യോഗികഭാഷക ളാണ്. അതുകൊണ്ട്, 1969 മുതൽ ഇന്നുവരെയും മലയാളം താഴോട്ടുപോകു കയാണുണ്ടായത്. ഇംഗ്ലീഷ് ഉൾപ്പെടെ മറ്റെല്ലാ ഭാഷകളും പഠിക്കണം. പക്ഷെ നമ്മുടെ മാതൃഭാഷ നമ്മുടെ സംസ്ഥാനത്തല്ലാതെ, നമ്മുടെ ഗവൺമെന്റിന ല്ലാതെ, നമ്മുടെ സ്ഥാപനങ്ങളിലല്ലാതെ, എവിടെയാണ് നമുക്ക് സംരക്ഷി ക്കാൻ കഴിയുന്നത്? 1973–ലെ ഭേദഗതിക്കുശേഷം ഭരണഭാഷ സംബന്ധിച്ച നിയമനിർമ്മാണങ്ങൾ ഒന്നുംതന്നെ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടി ല്ല. അതുകൊണ്ട്, കർണ്ണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ബംഗാൾ എന്നിവി ടങ്ങളിലെപ്പോലെ, ബോധന മേഖല, നീതിനിർവ്വഹണ മേഖല, നിയമപരിപാ ലന മേഖല, ഭരണ മേഖല, ഭാഷാ പര്യവേഷണ മേഖല, പര്യവേഷണ ഗവേ ഷണ മേഖല എന്നിങ്ങനെ ഭാഷാ സംബന്ധിയായ സമസ്ത മേഖലകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്രമായ നിയമനിർമ്മാണം നമ്മുടെ സംസ്ഥാനത്ത് അനിവാര്യമാണ്. മറ്റു സംസ്ഥാനക്കാർ നമ്മുടെ നിയമം സംരക്ഷിക്കുമെന്ന് ആരും കരുതേണ്ട. ഒരു ലോക ഭാഷയായി നമ്മുടെ ഭാഷ

വളരുകയാണ്, അതുകൊണ്ട് ഈ കൊച്ചു തുരുത്തിൽ, ഈ മലയാള തുരുത്തിൽ ഏറ്റവും വലിയ സാംസ്കാരികമായി, ഏറ്റവും കൂടുതൽ സർവ്വകലാശാലകൾക്കു തുല്യമായി ലൈബ്രറികളും സാംസ്കാരികമായി ഔന്നത്യവുമുള്ള നമ്മുടെ സംസ്ഥാനത്ത് നമുക്ക് മുമ്പോട്ടു പോകാൻ കഴിയണം.

മി. സ്പീക്കർ: യെസ്, യെസ്.

ശ്രീ. പാലോട് രവി: സർ, ഞാൻ അവസാനിപ്പിക്കുന്നു. കുഞ്ചൻ നമ്പ്യാർ പറഞ്ഞ നാലുവരി പറയാതെ ഈ മലയാള ഭാഷയെക്കുറിച്ച് പറയാൻ സാധിക്കില്ല.

‘പടജനങ്ങടെ നടുവിലുള്ളൊരു
പടയണിക്കിഹ ചേരുവാൻ
വടിവ് എന്നൊരു ചാരുകേരള
ഭാഷതന്നെ ഹിതം വരും’.

എന്നാണ് കുഞ്ചൻ നമ്പ്യാർ പറഞ്ഞിരിക്കുന്നത്. മാതൃഭാഷയെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവ്വത്തോടെ ഈ സഭ ഒരു ഭിന്നചിന്തയുമില്ലാതെ ഒറ്റക്കെട്ടായി ഒരു പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടണം. ശ്രീ. എം.ടി. വാസുദേവൻ നായർ പറഞ്ഞതുപോലെ ഇത് ശ്രേഷ്ഠഭാഷയെന്ന് നമുക്കും കരുതൽ വേണ്ടേ, അതിന് വളരെ മാതൃകാപരമായ നടപടിയാണ് മുഖ്യമന്ത്രി സ്വീകരിച്ചത്. ശ്രീ. ഒ.എൻ.വി. കുറുപ്പിന്റെ നേതൃത്വത്തിൽ, ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, ശ്രീമതി സുഗത കുമാരി എന്നിവർ മാതൃഭാഷയെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളിലും സമയ ബന്ധിതമായി നടപടി സ്വീകരിച്ചിട്ടുള്ള ഒരു മുഖ്യമന്ത്രിയെന്നുള്ള നിലയിൽ ഈ നിയമം സമയ

ബന്ധിതമായി പാസ്സാക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കണം, അതിന് നിയമസഭയുടെ പ്രത്യേക സമ്മേളനം വിളിച്ചുചേർക്കണമെന്ന് ഞാൻ വിനീതമായി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പാലോട് രവി മലയാള ഭാഷാ നിയമനിർമ്മാണത്തെക്കുറിച്ച് ഇവിടെ നടത്തിയ ശ്രദ്ധക്ഷണിക്കൽ വളരെ പ്രധാനപ്പെട്ട വിഷയംതന്നെയാണ്. ശ്രീ. പാലോട് രവി ചെയർമാനായി രൂപീകരിക്കപ്പെട്ട നിയമസഭാസമിതി ഇത് സംബന്ധിച്ച് വ്യക്തമായ ശുപാർശ ഗവൺമെന്റിന് നൽകിയിട്ടുണ്ട്. തത്വത്തിൽ ഗവൺമെന്റ് നിയമനിർമ്മാണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കരട് നിയമം സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പ്രത്യേക സംവിധാനം നിർദ്ദേശിച്ചതനുസരിച്ചുള്ള കരട് നിർദ്ദേശങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ അത് പരിശോധിച്ചുവരികയാണ്. എത്രയും വേഗം നിയമസഭയിൽ ബിൽ അവതരിപ്പിക്കാനും നിയമനിർമ്മാണം കൊണ്ടുവരാനും ഗവൺമെന്റ് തയ്യാറാകുമെന്ന് വ്യക്തമാക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. മലയാളം ശ്രേഷ്ഠഭാഷയാക്കിയതിൽ മലയാളികളെല്ലാം ഒരുപോലെ അഭിമാനം കൊള്ളുന്നുണ്ട്. നമ്മളൊരിക്കലും ഭാഷാ ഭ്രാന്ത് പ്രകടിപ്പിച്ചിട്ടില്ല. പക്ഷെ, ഭാഷാ സ്നേഹികളാണ്, ഭാഷയെ സ്നേഹിക്കുന്നു. അതുകൊണ്ടുതന്നെയാണ് മലയാളഭാഷയുമായി ബന്ധപ്പെട്ട് വളരെയേറെ തീരുമാനങ്ങൾ ഈ ഗവൺമെന്റ് എടുത്തത്. മലയാളം യൂണിവേഴ്സിറ്റി സ്ഥാപിച്ചു, മലയാളം ഒന്നാം ഭാഷയാക്കി, മലയാളം നിർബന്ധിത ഭാഷയാക്കി. അതേസമയത്ത് കന്നടയും തമിഴും നമ്മൾ ന്യൂനപക്ഷ ഭാഷയായി അംഗീകരിച്ചിട്ടുള്ളതാണ്. അവർക്ക് ചില ബുദ്ധിമുട്ടുകളുണ്ടെന്ന് പറഞ്ഞപ്പോൾ ആ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രായോഗികമായി

ട്ടുള്ള സമീപനങ്ങൾ നമ്മൾ സ്വീകരിക്കുകയും ചെയ്തു. കേരളത്തിൽ പ്രവർത്തിക്കുന്ന വിവിധ പാഠ്യക്രമങ്ങൾ, സ്റ്റേറ്റ് സിലബസ്, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. എന്നീ സിലബസിലെല്ലാംതന്നെ മലയാളം നിർബന്ധിത ഭാഷയെന്ന നിലയിൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

അതേ അവസരത്തിൽത്തന്നെ മലയാളഭാഷാ നിയമനിർമ്മാണം സംബന്ധിച്ച തീരുമാനങ്ങൾ എല്ലാ തലങ്ങളിലുമെടുത്തു. മലയാളവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് വിവിധ വകുപ്പുകളിലാണ്. മാതൃഭാഷാ പഠനം വിദ്യാഭ്യാസ വകുപ്പിലും കോടതി ഭാഷ സംബന്ധിച്ച വിഷയങ്ങൾ ആഭ്യന്തര, നിയമ, ഉന്നതവിദ്യാഭ്യാസ വകുപ്പുകളിലും ഭാഷാന്യൂനപക്ഷ കാര്യങ്ങൾ പൊതുഭരണവകുപ്പിലും, ഭാഷാപോഷണ നടപടികൾ സാംസ്കാരിക വകുപ്പിലും ഭരണഭാഷാകാര്യങ്ങൾ ഔദ്യോഗികഭാഷാ വകുപ്പിലുമാണ് കൈകാര്യം ചെയ്യുന്നത്. അതുകൊണ്ട് ഈ വകുപ്പുകളുടെ കോ-ഓർഡിനേഷൻ ഇതിന്റെ പൊതുവായ പ്രവർത്തനത്തിന് ആവശ്യമായിട്ടുണ്ട്. ഈ വകുപ്പുകളെല്ലാംതന്നെ നമ്മുടെ നിയമനിർമ്മാണത്തെക്കുറിച്ച് ചർച്ചചെയ്തുകൊണ്ടിരിക്കുന്നു. കരട് രൂപത്തിൽ വന്നിട്ടുള്ള തീരുമാനത്തിന് ഒരു വ്യക്തത കൊടുത്തുകൊണ്ട് ഏറ്റവും പെട്ടെന്ന് നിയമസഭയിൽ ബിൽ അവതരിപ്പിക്കുമെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. പാലോട് രവി : നമ്മുടെ എയ്ഡഡ് സ്കൂളുകളിലും ഗവൺമെന്റ് സ്കൂളുകളിലും ഒന്നാം ക്ലാസുമുതൽ അഞ്ചാം ക്ലാസുവരെ ഇംഗ്ലീഷ് മീഡിയം അനുവദിച്ചിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ, ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെ കുട്ടികൾ മലയാളവും പഠിക്കില്ല ഇംഗ്ലീഷും പഠിക്കില്ല എന്ന അവസ്ഥയാണ് ഇന്നുള്ളത്. കേരളത്തിൽ നിലനിന്നിരുന്നതുപോലെ

ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെ മാതൃഭാഷ നിർബന്ധമായും കുട്ടികൾക്ക് അവരുടെ ബോധന മാധ്യമമായിരിക്കണം. അതാണ് നമ്മുടെ കുട്ടികളുടെ അടിത്തറ. അത് നടപ്പിലാക്കാൻ കഴിയുമോ; അതിനാവശ്യമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

മി. സ്പീക്കർ: ഇതുസംബന്ധിച്ച് ഗവൺമെന്റ് ധാരാളം നടപടികൾ എടുക്കുന്നുണ്ട്. പക്ഷേ കുട്ടികളെ ഒന്നാം ക്ലാസിൽ ചേർക്കുന്ന രക്ഷകർത്താക്കളാണ് അവരെ മലയാളം കൂടി പഠിപ്പിക്കാനുള്ള തീരുമാനമെടുക്കേണ്ടത്. സർക്കാർ എത്ര തീരുമാനമെടുത്താലും ഒരു സമൂഹമെന്നനിലയിൽ, മലയാളത്തെ പൂർണ്ണമായി ഉൾക്കൊള്ളുന്നത് ഒരല്പം അന്തസ്സ് കുറവായി കരുതുന്ന കുറേപേർ കേരളത്തിലുണ്ട്. അത് ഇവിടെ സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, മലയാളം നിർബന്ധിത ഭാഷയാക്കിയിട്ടുണ്ട്. നിർബന്ധമായും പഠിച്ചേ മതിയാകൂ. ആ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ല. ഇവിടെ ജനിച്ചുവളർന്ന, വിദേശത്തുള്ള മലയാളികൾ, മലയാളം അറിയുന്നവരും മലയാളത്തെ സ്നേഹിക്കുന്നവരുമാണ്. പക്ഷേ അവിടെ ജനിക്കുന്ന പുതിയ തലമുറയ്ക്കുകൂടി മലയാളം വശമാക്കണമെന്ന ലക്ഷ്യത്തോടെ മലയാള മിഷൻ വളരെ വിപുലമായ പരിപാടികളാണ് ഇന്ത്യയിലെ മറ്റ് നഗരങ്ങളിലും വിദേശരാജ്യങ്ങളിലും ഇന്ന് സ്വീകരിച്ചിട്ടുള്ളത്. മലയാള ഭാഷ പഠിക്കുന്നതിന് കേരളത്തിനും കേരളത്തിന് പുറത്തും ഏതെല്ലാം വിധത്തിലുള്ള സഹായങ്ങൾ വേണമോ അത് ഗവൺമെന്റ് നൽകും. അങ്ങ് ഇവിടെ പറഞ്ഞതുപോലെ, ഇതിൽ രക്ഷകർത്താക്കളുടെ റോൾ വളരെ പ്രധാനപ്പെട്ടതാണ്. അവരും അതിന്റെ പ്രാധാന്യം ഉൾക്കൊള്ളും എന്നാണ് ഗവൺമെന്റ് കരുതുന്നത്.

തൊഴിൽ സുരക്ഷിതത്വവും വേതനാവകാശവും

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, കേരളത്തിൽ വലിയ തൊഴിൽ മേഖലയായി വളർന്നുവരുന്ന മേഖലയാണ് അൺ എയ്ഡഡ് വിദ്യാഭ്യാസമേഖല. ഈ മേഖലയിലെ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും മേൽ നടന്നുകൊണ്ടിരിക്കുന്ന ചൂഷണം അവിശ്വസനീയമാണ്. ഒരു പരിഷ്കൃത സമൂഹത്തിന് വിശ്വസിക്കാൻ പറ്റാത്ത നിലയിലുള്ള പീഡനങ്ങളും ചൂഷണങ്ങളുമുള്ള ഒരു സമൂഹമായി ഈ അദ്ധ്യാപക സമൂഹം മാറുകയാണ്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., സ്റ്റേറ്റ് സിലബസുകളിലായി 2000 അംഗീകാരമുള്ള സ്കൂളുകൾ കേരളത്തിലുണ്ട്. അംഗീകാരമില്ലാത്ത സ്കൂളുകൾ വേറേയുമുണ്ട്. ഏതാണ്ട് 2½ ലക്ഷത്തോളം വരുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും ജോലിചെയ്യുന്ന ഒരു മേഖലയാണ് ഇത്. ഈ മേഖലയിൽ ഒരു നിയമത്തിന്റേയും പിന്തുണയില്ലാതെയാണ് ഈ ജീവനക്കാർ പണിയെടുക്കുന്നത്. ചോദിക്കാനും പറയാനും ആളില്ലാത്ത നിലയിൽ, തോന്നുമ്പോൾ പിരിച്ചുവിടുന്ന, തോന്നുമ്പോൾ ശമ്പളം കൊടുക്കുന്ന, വർഷങ്ങളോളം പണിയെടുത്താലും പട്ടിണി മാറ്റാൻ പറ്റാത്ത ലക്ഷക്കണക്കിനു ജീവനക്കാരുള്ള, അഭ്യസ്തവിദ്യരുള്ള മേഖലയാണ് ഇത്. നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ആദ്യമേ എനിക്ക് പറയാനുള്ളത്, ദയവ് ചെയ്ത് യാന്ത്രികമായ മറുപടി പറയരുത്. കാരണം നമ്മുടെ സഭയിൽ ഇരിക്കുന്ന മുഴുവൻ ആളുകൾക്കും പ്രയാസമുണ്ടാക്കുന്ന മേഖലയാണ് ഇത്. വളരെ സമ്പന്നമായ വിദ്യാഭ്യാസ ചരിത്രവും സുസംഘടിതമായ പൊതുവിദ്യാഭ്യാസത്തിന്റെ ശൃംഖലയുമാണ് ഇന്ന് കേരള സമൂഹത്തിനുള്ളത്. 1957-ന് മുമ്പുള്ള അദ്ധ്യാപകരുടെ അവസ്ഥ നമുക്കെല്ലാപേർക്കുമറിയാം. അന്നത്തെ അദ്ധ്യാപകരുടെ അവസ്ഥ

കൾ വിവരിച്ചുകൊണ്ടുള്ള നിരവധി സാഹിത്യസൃഷ്ടികൾ ഉണ്ടായിട്ടുണ്ട്. കുട്ടിയുടെ ചോറ്റുപാത്രത്തിൽ നിന്നും ഭക്ഷണം കട്ട് ഭുജിച്ച അദ്ധ്യാപകനെക്കുറിച്ച് കാരൂർ എൻ. നീലകണ്ഠപ്പിള്ള എഴുതിയ കഥ ഇന്നും വായിക്കുമ്പോൾ കരളലിയിപ്പിക്കുന്നതാണ്. ആ അദ്ധ്യാപക സമൂഹത്തിൽ നിന്ന് വലിയ ഇടപെടലുകളിലൂടെയാണ് കേരളത്തിലെ അദ്ധ്യാപകർ വളർന്നുവന്നത്. ഇന്ന് കേരളത്തിലെ അൺ–എയ്ഡഡ് വിഭാഗത്തിലെ അദ്ധ്യാപകരുടെ അവസ്ഥ 1957–ലെ വിദ്യാഭ്യാസ ബിൽ വരുന്നതിനുമുമ്പുള്ള അദ്ധ്യാപകരുടെ അവസ്ഥയിലേയ്ക്ക് വരികയാണ്. ഈ സാഹചര്യത്തെ സംബന്ധിച്ച് കേരളത്തിലെ മാധ്യമപ്രവർത്തകരിൽ ഒരുവിഭാഗം വലിയ ഇടപെടൽ നടത്തുകയുണ്ടായി. ഏഷ്യാനെറ്റ് ചാനൽ 'ദക്ഷിണയല്ല, ഭിക്ഷയാണ് കൊടുക്കുന്നത്' എന്ന് പറയുന്ന വലിയ സർവ്വേ തന്നെ കേരളത്തിൽ സംഘടിപ്പിക്കപ്പെട്ടു. എത്ര മാരകമായിട്ടാണ് ഇവരെ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത് എന്നതിന്റെ വിശദാംശമാണ് ഇതിലൂടെ പുറത്തുകൊണ്ടുവന്നത്. ഏറ്റവും ചൂഷണം ചെയ്യപ്പെടുന്ന വിദ്യാസമ്പന്നരായ ഒരു സമൂഹമാണ് ഈ മേഖലയിലുള്ളത്. ഇത്രമാത്രം ചൂഷണം ചെയ്യപ്പെടുന്ന മറ്റൊരു മേഖലയും തൊഴിൽ മേഖലയിലില്ല. അന്യസംസ്ഥാന തൊഴിലാളികളുടെ വേതനത്തെ സംബന്ധിച്ചും അവരുടെ ക്ഷേമത്തെ സംബന്ധിച്ചും നിയമനിർമ്മാണം നടത്താൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനത്തെ സംബന്ധിച്ചും അത് പരിഷ്ക്കരിക്കുന്നതിനെ സംബന്ധിച്ചും നമ്മൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ സ്വവർഗ്ഗരതിക്കാർക്കുവരെ സംഘടനയുണ്ട്. എന്നാൽ ഈ മേഖലയിൽ ഒരു സംഘടന രൂപീകരിക്കാനുള്ള പ്രാഥമികമായ അവ

കാശം പോലും ഇല്ലാതെ, ഒരു സംഘടന രൂപീകരിച്ചാൽ പിറ്റേന്ന് പിരിച്ചുവിടുന്ന സ്ഥിതിവിശേഷം വരികയാണ്. 15 കൊല്ലം ജോലി ചെയ്തിട്ട് നിങ്ങൾക്ക് ഗുണം പോര, നാളെ മുതൽ വരണ്ട എന്നു പറഞ്ഞ് പിരിച്ചുവിടുന്ന അതിഭീകരമായ സാഹചര്യം നിലനിൽക്കുകയാണ്. ഇവിടെ നിയമനത്തിന് ഇന്റർവ്യൂ നടത്താറുണ്ട്. പക്ഷേ അപ്പോയിന്റ്മെന്റ് ഓർഡർ കേരളത്തിലെ സ്കൂളുകളൊന്നും കൊടുക്കാറില്ല. സർവ്വീസ് ബുക്കും ശമ്പള സ്കെയിലും ഇൻക്രിമെന്റുമൊന്നുമില്ല. മാസം 3000 രൂപ വാങ്ങി വർഷങ്ങളായി ജോലി ചെയ്യുന്ന ആളുകൾ കേരളത്തിലുണ്ട്. കേരളത്തിൽ ഒരു തൊഴിലിനും ഇത്ര കുറഞ്ഞ കൂലിയില്ല. ഒരു സ്ഥാപനത്തിൽ 12 ജീവനക്കാരുണ്ടെങ്കിൽ ഇ.എസ്.ഐ, പി.എഫ്. ആനുകൂല്യങ്ങൾ നൽകണമെന്നാണ് നിയമമുള്ളത്. കേരളത്തിലെ 90% സ്കൂളുകളും ഇ.എസ്.ഐ.-യിൽ പെടുത്തിയിട്ടില്ല, കാരണം ശമ്പളത്തിന്റെ 1.32% മാനേജ്മെന്റ് നൽകണം. മാനേജ്മെന്റ് അതിന് തയ്യാറല്ലാത്തതുകൊണ്ട് ഇ.എസ്.ഐ.-യിൽ പെടുത്തുന്നില്ല. പി.എഫ്.-ൽ 12% ജീവനക്കാരും 12% മാനേജ്മെന്റും അടയ്ക്കണമെന്നാണ് നിയമം. എന്നാൽ ഇത് രണ്ടും ചേർത്ത് 24% ഈ പാവങ്ങളിൽ നിന്ന് പിഴിഞ്ഞെടുക്കുന്ന സ്ഥിതി കേരളത്തിലെ എല്ലാ സ്കൂളുകളിലും നിലനിൽക്കുകയാണ്. അതായത് 24% ജീവനക്കാർ കൊടുക്കണം. പ്രസവാവധിയില്ല. ആ സമയത്തെ ശമ്പളം ഇല്ല. അവധിക്കാലമായ ഏപ്രിൽ-മേയ് മാസങ്ങളിൽ ശമ്പളം കൊടുക്കുന്നില്ല. ആ സമയത്തും ശമ്പളം തരാമെന്ന് പറഞ്ഞ് ജോലികളേൽപ്പിക്കുന്നതും കേരളത്തിലെ സ്കൂളുകളിൽ വ്യാപകമായിരിക്കുകയാണ്. ജസ്റ്റിസ് സുകുമാരപിള്ള കമ്മീഷൻ ഇതിനെക്കുറിച്ച് ഒരു അന്വേഷണം നടത്തുകയുണ്ടായി. ആ അന്വേഷണ

കമ്മീഷൻ കണ്ടെത്തിയത് 5.6%– ൽ താഴെ സ്കൂളുകളിൽ മാത്രമാണ് ആശ്വാസകരമായ ശമ്പളം നൽകുന്നത് എന്നാണ്. അവരുടെ പ്രവർത്തിഭാരം കേരളത്തിലെ സാധാരണ സ്കൂളുകളിൽ ജോലിചെയ്യുന്ന ആളുകൾക്ക് വിശ്വസിക്കാൻ പറ്റാത്ത സ്ഥിതിയാണ്. വരേണ്യരായ വിദ്യാർത്ഥി സമൂഹമാണ് ഇവിടെ പഠിക്കാൻ വരുന്നത്. ആ വരേണ്യ വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന അവർണ്ണ അദ്ധ്യാപകരായി, അവർ നിലനിൽക്കുകയാണ്. ആഴ്ചയിൽ 33 മുതൽ 35 വരെ  പിരീഡുകളിൽ, അതായത് ഒരു ദിവസം 7 പിരീഡ് തുടർച്ചയായി ജോലിചെയ്യണം. ഇതുകഴിഞ്ഞാണ് പേപ്പർ നോക്കൽ, നോട്ട് തയ്യാറാക്കൽ തുടങ്ങിയ എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസ്  ചെയ്യുന്നത്.  ഇവർ ക്ലാസ് മുറിയിൽ ഇരിക്കാൻ പാടില്ല. അതിനാൽ ഡസ്ക്ക് മാത്രം ഇടുന്ന സ്കൂളുകളുണ്ട്.  സ്കൂൾ ബസ്സിൽ കയറിയാൽ പൈസ കൊടുക്കാത്തതുകൊണ്ട് അദ്ധ്യാപകർ നിൽക്കുക, കുട്ടികൾ ഇരിക്കുക, സീറ്റ് ഒഴിഞ്ഞുകിടന്നാലും അദ്ധ്യാപകർ നിന്നേ പോകാൻ പാടുള്ളൂ. പാരന്റ്സ്–ടീച്ചേഴ്സ് മീറ്റിംഗ് നടക്കുമ്പോൾ രക്ഷിതാക്കളുടെയും കുട്ടികളുടേയും മുമ്പിൽ വച്ച് ടീച്ചർമാരെ ഇവാലുവേറ്റ് ചെയ്യുന്ന സാഹചര്യം ഉണ്ടാകാറുണ്ട്.  ടീച്ചർമാരെ വിളിച്ചുവരുത്തി  കുട്ടികളുടേയും രക്ഷിതാക്കളുടേയും മുമ്പിൽ വച്ച് മാനേജ്മെന്റ് പരസ്യമായി അവരുടെ കഴിവുകളും ഗുണഗണങ്ങളും പരിശോധിച്ച് മാനസികമായി പീഡിപ്പിക്കുന്ന സ്ഥിതിയാണുള്ളത്. എന്തെങ്കിലും മറുത്തുപറഞ്ഞാൽ അവരെ പിരിച്ചുവിടൽ, ഗുണ്ടകളുടെ ഭീഷണി, എതിരഭിപ്രായം നടത്തിയവരെ ഉടനടി പിരിച്ചുവിടൽ, തുടങ്ങിയ നടപടികളാണ് സ്വീകരിക്കുന്നത്. ഏതെങ്കിലും അൺ–എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു യൂണിയനുണ്ടാക്കി അവരുടെ അവകാശങ്ങളെക്കുറിച്ച് ചോദിച്ചാൽ പിറ്റേന്ന് പിരിച്ചു

വിടും അല്ലെങ്കിൽ രക്ഷിതാക്കളെക്കൊണ്ട് ചീത്തപറയിപ്പിക്കും. എൻ.ഒ.സി. ലഭിക്കുന്നതിനായി മാന്യമായ വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകാമെന്ന് സർക്കാരിനോട് സമ്മതിച്ച സ്കൂളുകളിലാണ് ഈ സംഗതികളെല്ലാം നടക്കുന്നത്. ഒരു സൗകര്യവും ജീവനക്കാർക്ക് നൽകാറില്ല. ഇരിക്കാൻ പോലും ഇടമില്ലാത്ത കുടുസ്സായ സ്റ്റാഫ് മുറി, പല സ്കൂളുകളിലും കോണിപ്പടിയുടെ അടിയിലാണ് അദ്ധ്യാപകർ ഇരിക്കുന്നത്. അതിന് ചുവട്ടിൽ നിവർന്ന് നിൽക്കാൻ സാധിക്കാത്തതുകൊണ്ട് കുനിഞ്ഞ് നിൽക്കേണ്ട സ്ഥിതിയാണ്. സ്റ്റാഫ് റൂമുകളില്ല.

<u>മി. സ്പീക്കർ</u>: അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: അവസാനിപ്പിക്കാം. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. 70% ഫീസും ട്യൂഷൻ ഫീസിന്റെ പേരിലാണ് കളക്ട് ചെയ്യുന്നത്. ഇതിന്റെ 50% എങ്കിലും അദ്ധ്യാപക സമൂഹത്തിന് കൊടുക്കണ്ടേ? കൊടുക്കുന്നില്ല. 14.9.2012 - ലെ KSE/321/DB എന്ന ഹൈക്കോടതി വിധിയിൽ പറയുന്നത് എൽ.പി., യു.പി. സ്കൂളുകളിൽ പണിയെടുക്കുന്നവർക്ക് 10,000 രൂപയും ഹൈസ്ക്കൂളിൽ പണിയെടുക്കുന്നവർക്ക് 15,000 രൂപയും ഹയർ സെക്കന്ററിയിൽ പണിയെടുക്കുന്നവർക്ക് 20,000 രൂപയും കൊടുക്കണമെന്നാണ്. ആ വിധി നടപ്പിലാക്കുന്നതിന് നിയമപരമായ ഒരുപരിരക്ഷയും അവർക്കില്ല.

എ.റ്റി.എം. വഴി ശമ്പളം നൽകണമെന്ന് ആ വിധിയിലുണ്ട്. എന്നാൽ ആ വിധിയെ മറികടക്കാനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കുകയാണ്. ഇതിന്റെ ഭാഗമായി ജീവനക്കാരിൽ നിന്ന് മുൻകൂട്ടി ചെക്ക് ഒപ്പിട്ടുവാങ്ങുക, 10000/–

രൂപ ബാങ്കിലിട്ടിട്ട് 7000/- രൂപ ചെക്കിലൂടെ മാനേജ്മെന്റ് മാറിയെടുക്കുക, എ.റ്റി.എം. കൗണ്ടറുകളുള്ള സ്കൂളുകളുടെ കൗണ്ടറിനുമുന്നിൽ മാനേജു മെന്റിന്റെ വിശ്വസ്തരായ സ്റ്റാഫിരുന്ന് ജീവനക്കാരന്റെ എ.റ്റി.എം. കാർഡ് വാങ്ങി അവർതന്നെ പണമെടുത്ത് മാനേജുമെന്റിന്റെ വിഹിതമെടുത്ത് ബാക്കി ജീവനക്കാർക്കു നൽകുക ഇതൊക്കെ 1957-നു മുമ്പ് അദ്ധ്യാപക രോട് മാനേജ്മെന്റുകൾ ചെയ്തിരുന്ന കാര്യങ്ങളാണ്. സ്വാശ്രയ കോളേജു കളും ഇതേ അവസ്ഥ തുടരുകയാണ്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., സ്റ്റേറ്റ് സിലബസിലുള്ളവർക്ക് ഒരു പൊതു നിയമം വേണം. അതിനായി അടിയന്തരമായി ഒരു അതോറിറ്റി രൂപീകരിക്കണം. ഞാനൊരു സ്വകാര്യ ബിൽ കഴിഞ്ഞ സഭയിൽ കൊണ്ടുവന്നിരുന്നു. ആ ബിൽ സഭയിൽ വന്നില്ല. ഒന്നുകിൽ ഗവൺമെന്റ് ആ ബിൽ ഏറ്റെടുക്കണം, അല്ലെങ്കിൽ ഗവൺമെന്റ് ഒരു ബിൽ കൊണ്ടുവരണം. അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരുടെയും ജീവനക്കാരുടെയും തൊഴിൽ സുരക്ഷിതത്വം, വേതനം എന്നിവ ഉറപ്പുവരുത്താനാവശ്യമായതും ഇതിൽ ഇടപെടാൻ കഴിയുന്നതു മായ ഒരു അതോറിറ്റി കേരളത്തിൽ രൂപീകരിക്കണം. സമൂഹത്തിൽ ഏറ്റവും മാന്യതയുള്ള തൊഴിലിന്റെ പ്രാകൃതമായ ഈ വേതന ഘടന അവസാനിപ്പി ക്കണം. ഒരു സത്യവാങ്മൂലം വാങ്ങാൻ സാധിക്കണം. മാന്യമായ വേത നവും തൊഴിൽ സുരക്ഷയും ഉറപ്പുവരുത്തുന്നതിനുള്ള ഒരു തീരുമാനമെടു ത്തശേഷം മാത്രമേ സ്കൂളുകൾക്ക് അഫിലിയേഷൻ കൊടുക്കാവൂ എന്ന് സർക്കാർ തീരുമാനിക്കണം. കേരളത്തിൽ ഈ മേഖലയിലെ തൊഴിൽപ്രശ്നം പരിഹരിക്കാൻ ആവശ്യമായിട്ടുള്ള എന്ത് നടപടിയാണ് സർക്കാർ സ്വീകരി ക്കേണ്ടത് എന്നുള്ള കാര്യം ഗൗരവത്തോടുകൂടി പരിശോധിച്ച് ഒരു നിലപാട്

സ്വീകരിക്കണം. അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാര മാർഗ്ഗം നിർദ്ദേശിക്കാൻ ഗവൺമെന്റ് തയ്യാറാകണം, ഒരു മിനിമം വേതനം ഉറപ്പുനൽകണം തുടങ്ങിയ കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധ യിൽപ്പെടുത്താനാണ് ഈ അവസരം ഉപയോഗിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഈ കാര്യങ്ങളിൽ ഒരല്പമെങ്കിലും ഗവൺമെന്റിന് ഇടപെടാനും നിർദ്ദേശിക്കാനുമുള്ള സാഹചര്യങ്ങളുണ്ടാക്കിയത്. ഞാനിത് മുഴുവൻ വായിക്കുമ്പോൾ അത് മനസ്സിലാകും. സംസ്ഥാനത്ത് അൺ എയ്ഡഡ് മേഖലയിൽ സംസ്ഥാന സിലബസിലും കേന്ദ്ര പാഠ്യപദ്ധതിയനുസ രിച്ചും പ്രവർത്തിക്കുന്ന സ്കൂളുകൾ നിലവിലുണ്ട്. ഈ സ്കൂളുകളിലെ ജീവനക്കാരും അദ്ധ്യാപകരും അതാത് സ്കൂൾ മാനേജ്മെന്റുകളുടെ കീഴി ലാണ് ജോലി ചെയ്യുന്നത്. എങ്കിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതാക യാൽ ഈ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് വ്യക്തമായ മാനദണ്ഡ ങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. അൺ എയ്ഡഡ് സ്കൂളുകളിലെ ജീവന ക്കാരുടെ യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14 A (a) -ൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ഈ മേഖലയെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2007-ൽ അതായത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രണ്ടംഗ കമ്മീഷനെ സർക്കാർ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിലവിലെ വേതനം പുതുക്കി നിശ്ചയിക്കുകയും ചെയ്തു. ഇതുപ്രകാരം അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിലെ പ്രധാന അദ്ധ്യാപകന്

7000/- രൂപയും എച്ച്.എസ്.എ.യ്ക്ക് 6000/- രൂപയും പ്രൈമറി ടീച്ചർക്ക് 5000/- രൂപയും ക്ലാർക്കിന് 4000/- രൂപയും ക്ലാസ്ഫോർ ജീവനക്കാർക്ക് 3500/- രൂപയും മിനിമം വേതനം ഉറപ്പുനൽകുന്നു. അനധ്യാപക ജീവനക്കാരുടെ വേതനം നിർണ്ണയിക്കുന്നതിന് ശമ്പളസ്കെയിൽ നിശ്ചയിച്ചുകൊണ്ട് തൊഴിൽ വകുപ്പിൽ നിന്ന് സർക്കാർ ഉത്തരവ് പി.155/2011 തൊഴിൽ നമ്പരായി 12-09-2011-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്ത് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ ആരംഭിക്കുന്നതിന് കേരള സർക്കാരിൽ നിന്ന് എൻ.ഒ.സി. ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ (നേരത്തെ എൻ.ഒ.സി. കൊടുക്കുമ്പോൾ സംസ്ഥാന ഗവൺമെന്റ് ഒന്നും നോക്കിയിരുന്നില്ല. വെറുതെ എൻ.ഒ.സി. കൊടുക്കും, ബാക്കി കാര്യങ്ങളൊക്കെ സി.ബി.എസ്.ഇ. ആണ് ചെയ്തിരുന്നത്. ഈ ഗവൺമെന്റ് വന്നപ്പോൾ അതിന് മാറ്റം വരുത്തി) അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സർക്കാർ നിരക്കിലുള്ള ശമ്പളവും അലവൻസുകളും നൽകണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇത് ഉറപ്പുവരുത്തുന്നതിനായി അപേക്ഷയോടൊപ്പം സത്യവാങ്മൂലം സമർപ്പിക്കണമെന്നുണ്ട്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിൽ അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളഘടന സി.ബി.എസ്.ഇ. തന്നെ നിർണ്ണയിച്ച് നൽകേണ്ടതാണെന്നും അപ്രകാരം നിശ്ചയിച്ച് നൽകുന്നതുവരെ പ്രൈമറി മിഡിൽ സ്കൂൾ ടീച്ചേഴ്സിന് 10000/- രൂപയും സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സിന് 15000/- രൂപയും സീനിയർ സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സിന് 20000/- രൂപയും ഹെഡ്മാസ്റ്റർക്കും പ്രിൻസിപ്പാളിനും 20000/- പ്ലസ് അഡീഷണൽ അലവൻസും കൂടാതെ ക്ലെറി

ക്കൽ സ്റ്റാഫിന് 6000/– രൂപയും പ്യൂൺ/ക്ലാസ്ഫോർ സ്റ്റാഫിന് 4500/– രൂപയും പ്രതിമാസം ശമ്പളം നൽകണമെന്ന് 14–09–2012–ലെ WA No.1042/12 വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിടുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഈ മേഖലയിൽ കടുത്ത ചൂഷണം നിലനിൽക്കുന്നുവെന്നത് സംബന്ധിച്ച് സർക്കാരിന് ലഭിക്കുന്ന പരാതികൾക്ക് ഗൗരവമായ പരിഗണന നൽകുകയും അന്വേഷിച്ച് നടപടിയെടുക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാല നിയമത്തിൽ അദ്ധ്യായം 8 (എ) – ലാണ് കോളേജ് വിദ്യാഭ്യാസ മേഖലയിലെ സ്വാശ്രയകോളേജുകളെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഈ വകുപ്പുപ്രകാരം അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ സേവന – വേതന വ്യവസ്ഥകൾ സർക്കാർ നാമനിർദ്ദേശം നൽകുന്ന ഒരു സർവ്വകലാശാലാ വൈസ്ചാൻസിലർ, ഉന്നത വിദ്യാഭ്യാസ സെക്രട്ടറി, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ എന്നിവരടങ്ങിയ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഗവൺമെന്റാണ് നിശ്ചയിക്കുന്നത്. ഇപ്പോൾ കണ്ണൂർ സർവ്വകലാശാല വൈസ്ചാൻസിലറാണ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. അൺ–എയ്ഡഡ് മേഖലയിൽ കടുത്ത ചൂഷണം നിലനിൽക്കുന്നുവെന്ന പരാതി സംബന്ധിച്ച് അടിയന്തരമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

ഇതാണ് പൊതുവായ സ്ഥിതി. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരുപാട് മാറ്റങ്ങളുണ്ടായിട്ടുണ്ട്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. മാത്രമല്ല കേരള സിലബസിലുള്ള അംഗീകാരമില്ലാത്ത സ്കൂളുകൾക്കും അംഗീകാരം

നൽകാൻ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. അവിടേയും നേരത്തെ പറഞ്ഞതു പോലെ ശമ്പളത്തിന്റെ കാര്യത്തിലും മറ്റ് അദ്ധ്യാപകരുടെ വേതനത്തിന്റെ കാര്യത്തിലുമൊക്കെ വ്യക്തമായ ഗൈഡ്ലൈൻസ് അനുസരിക്കുന്നവർക്കും സത്യവാങ്മൂലം നൽകുന്നവർക്കും മാത്രമേ അംഗീകാരം നൽകുകയുള്ളൂ വെന്ന് പറഞ്ഞിട്ടുണ്ട്. അതുമാത്രമല്ല, വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണ മായി നടപ്പിലാകുമ്പോൾ സംസ്ഥാനത്ത് ഏത് തലത്തിലുള്ള സ്കൂളുകൾക്കും ഗവൺമെന്റിന്റെ അംഗീകാരം വേണം. ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് പരിശോധിക്കാനുള്ള അധികാരമുണ്ടായിരിക്കും. സി.ബി.എസ്.ഇ. സ്കൂളുക ളിൽ നിലവിലതില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം കൊടുത്ത എൻ.ഒ. സി.-കളിലെല്ലാം അത് പറഞ്ഞിട്ടുണ്ട്. സംസ്ഥാന വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശോധിക്കാനും നടപടിയെടുക്കാനും അഫിലിയേഷൻ റദ്ദാക്കാനുമൊക്കെയുള്ള അധികാരംകൂടിവച്ചിട്ടാണ് ഇപ്പോൾ അംഗീകാരം കൊടുക്കുന്നത്. പിന്നെ ഇതിന് കുറേയേറെ അദ്ധ്യാപകരും കാരണക്കാരാണ്. അവർക്ക് വേറെ ജോലി കിട്ടാത്തതുകൊണ്ട് ശമ്പളം പറയുന്നതൊന്ന് കിട്ടുന്നത് വേറൊന്നാണെങ്കിലും അവരുംകൂടി അംഗീകരിക്കുന്നുവെന്നതാണ് വസ്തുത. സംഘടനകളില്ലാത്തത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. അവരാണ് അത് രൂപീകരിക്കേണ്ടത്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ഏത് ഗവൺമെന്റ് എന്ന പ്രശ്നം ഞാനിവിടെ ഉന്നയിച്ചിട്ടില്ല. അങ്ങ് പറഞ്ഞ സർക്കാരിന്റെ നിർദ്ദേശങ്ങളും കോടതിയുടെ വിധിയും ലംഘിക്കുന്ന മാനേജ്മെന്റുകൾക്കെതിരെ നടപടി സ്വീകരിക്കാൻ എന്ത് നിയമമാണുള്ളത്? ഒരു നിയമവുമില്ല. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാനൊരു നിയമനിർമ്മാണത്തിന് തയ്യാറാകുമോ; നിയമനിർമ്മാണത്തിനുമുമ്പ് പെട്ടെന്ന് ഈ പ്രശ്നം പരിഹരിക്കാനൊരു

അതോറിറ്റി രൂപീകരിക്കുമോ? പതിനായിരം രൂപ കിട്ടിയെന്ന് ഒപ്പിട്ടു കൊടുത്തിട്ട് മൂവായിരം രൂപ കയ്യിൽ കൊടുക്കുമ്പോൾ പരാതിപ്പെടാനും അന്വേഷിക്കാനും ഒരു സംവിധാനമുണ്ടാകണം. ആ സംവിധാനമുണ്ടാക്കാൻ ഗവൺമെന്റ് എന്തെങ്കിലും നിലപാട് സ്വീകരിക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ അതാണ് പറഞ്ഞത് പരാതി ലഭിച്ചാൽ അന്വേഷിക്കാനും നടപടിയെടുക്കാനും ഈ അവസരത്തിൽ അധികാരമുണ്ട്, അതിനുള്ള നിർദ്ദേശം കൊടുത്തിട്ടുമുണ്ട്. പക്ഷേ പരാതി ലഭിക്കുന്നില്ലായെന്നുള്ളതാണ് വസ്തുത. അതോറിറ്റി രൂപീകരിച്ചതുകൊണ്ട് പ്രത്യേകിച്ചൊന്നും നടക്കാനില്ല. ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഗവൺമെന്റിന് എന്തൊക്കെ അധികാരങ്ങളുണ്ടോ ആ അധികാരങ്ങൾ തന്നെ വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായും നടപ്പിലാകുമ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്ന ഏത് വിദ്യാഭ്യാസ സ്ഥാപനത്തിന്മേലും ഗവൺമെന്റിനുണ്ടാകും. അതനുസരിച്ച് നടപടി സ്വീകരിക്കുകയും ചെയ്യും. പക്ഷേ 90 ശതമാനവും പരാതി ലഭിക്കുന്നില്ലായെന്നതാണ് മുഖ്യമായ കാര്യം. കാരണം അധികവും ലേഡി ടീച്ചേഴ്സാണ് സ്കൂളുകളിൽ വർക്ക് ചെയ്യുന്നത്. തുച്ഛമായ ശമ്പളമാണെങ്കിൽപ്പോലും അവർ വർക്ക് ചെയ്യാൻ നിർബന്ധിതരാവുകയാണ്. അവർക്ക് ശമ്പളം മതിയാകുന്നതുകൊണ്ടല്ല. ആ ഒരു പ്രശ്നം കൂടി ഇതിനുള്ളിലുണ്ട്. നിയമനിർമ്മാണത്തിന്റെ ആവശ്യവുമുണ്ടെന്നു തോന്നുന്നില്ല.

(സബ്മിഷൻ)